പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2962 | 17.10.2016 -ൽ മറുപടിക്ക്.

**ഹോട്ടലുകളിലെ അമിതനിരക്ക്**

ചോദ്യം

**ശ്രീ.രാജു എബ്രഹാം**

മറുപടി

**ശ്രീ. പി. തിലോത്തമൻ**
**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)**

(എ) സംസ്ഥാനത്തെ ഹോട്ടലുകളിൽ നൽകുന്ന ഭക്ഷണത്തിന് പല സ്ഥലങ്ങളിലും പല നിരക്കുകൾ വാങ്ങുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ യെന്ന് വ്യക്തമാക്കുമോ;

(ബി) ഹോട്ടലുകളുടെ നിലവാരമനുസരിച്ച് അവിടെ നൽകുന്ന ഭക്ഷണത്തിന് നിരക്ക് നിശ്ചയിക്കാനും, ആ നിരക്കുകൾ പ്രദർശിപ്പിക്കുവാനും അതുതന്നെയാണ് വാങ്ങുന്നതെന്ന് ഉറപ്പുവരുത്താനും എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശ ങ്ങൾ ലഭ്യമാക്കാമോ;

(എ) & (ബി) ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ഹോട്ടലുകളിൽ വിലവിവര പട്ടിക ഉപഭോക്താക്കൾ കാണത്തക്ക വിധം പ്രദർശിപ്പിക്കുന്നത് നിയമം മൂലം നിർബന്ധ മാക്കിയിട്ടുണ്ട്. ഇത് ഉറപ്പ് വരുത്തുന്നതിനായി വകുപ്പിലെ ഉദ്യോഗസ്ഥർ മാത്രമായും റവന്യൂ ലീഗൽ മെട്രോളജി എന്നീ വകുപ്പിലെ ഉദ്യോഗസ്ഥരുമായി ചേർന്നും നിരന്തരം പരിശോധനകൾ നടത്തുകയും നിയമ ലംഘനം നടത്തുന്നവർക്കെതിരെ 1977 ലെ Kerala Food Stuffs (Display of Prices by Catering Establishments) Order, 1977 ലെയും 1980 ലെയും Kerala Essential Commodities (Maintenance of Accounts and Display of Price and Stocks) Order എന്നിവ പ്രകാരവും ശക്തമായി നടപടി സ്വീകരിച്ചു വരുന്നുണ്ട്. എന്നാൽ ഹോട്ടലുകളുടെ നിലവാര മനുസരിച്ച് അവിടെ നൽകുന്ന ഭക്ഷണത്തിന് നിരക്ക് നിശ്ചയിക്കാനുള്ള അധികാരം നിലവിൽ സർക്കാരിനില്ല.

(സി) ഹോട്ടലുകൾ വാങ്ങുന്ന അമിത നിരക്ക് സംബന്ധിച്ച മാദ്ധ്യമ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അമിതനിരക്ക് വാങ്ങുന്ന ഹോട്ടലു കൾക്കെതിരെ നടപടി എടുക്കാനും സംസ്ഥാനത്തൊട്ടാകെ കോർപ്പ റേഷൻ/മുനിസിപ്പാലിറ്റി/ഗ്രാമങ്ങൾ/ പട്ടണങ്ങൾ എന്നിവയുടെ അടിസ്ഥാ നത്തിൽ ഹോട്ടലുകൾക്ക് ഗ്രേഡ് നിശ്ചയിച്ചുകൊണ്ട് ഭക്ഷണസാധന ങ്ങളുടെ വില നിശ്ചയിച്ചു നൽകുന്ന തിനും എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

(സി) ഉണ്ട്. ഹോട്ടലുകളിലെ ഭക്ഷണ പദാർത്ഥങ്ങളുടെ വില ക്രമീകരിക്കുന്നതിനായി രൂപം നല്കിയ "2015 ലെ കേരള ഹോട്ടലുകൾ (ഭക്ഷണ വില ക്രമീകരണം) ബില്ല്" ബിൽ നമ്പർ 382 ആയി പ്രസിദ്ധീകരിച്ചുവെങ്കിലും പതിമൂന്നാം കേരള നിയമസഭാ സമ്മേളന കാലയളവിൽ നിയമ നിർമ്മാണത്തിനായി സഭയുടെ അംഗീകാരത്തിന് വയ്ക്കുവാൻ സാധിച്ചില്ല. ഈ വിഷയത്തിന്മേൽ തുടർ നടപടി സ്വീകരിക്കുന്നതിനായി സർക്കാരിന് നയപരമായ തീരുമാനം കൈക്കൊള്ളേണ്ട തായിട്ടുണ്ട്.

സെക്ഷൻ ഓഫീസർ